**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3674** **12-03-2025 - ൽ മറുപടിയ്ക്ക്**

**രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും നിർത്തുന്നതിനുള്ള ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കും വേണ്ടി നിർത്തുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന മാന്യയാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസ്സിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കുന്നതിനും കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ / ബസ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി ഇറക്കുന്നതിന് 03.04.2024 തീയതിയിലെ ടി.ആർ.1/040730/2003 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ